പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4847 05/02/2014- ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിൽ കുളമ്പുരോഗംമൂലം മരണപ്പെട്ട കന്നുകാലികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ബാലൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കുളമ്പുരോഗംമൂലം പാലക്കാട് ജില്ലയിൽ എത്ര കന്നുകാലികൾ ഇതുവരെ മരണമടഞ്ഞിട്ടുണ്ട്; നിയോജകമണ്ഡലാടിസ്ഥാനത്തിൽ എണ്ണം വ്യക്തമാക്കാമോ; | (എ) പാലക്കാട് ജില്ലയിൽ 31/01/2014 വരെ 999 കന്നുകാലികൾ മരണമടഞ്ഞിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു |
| (ബി) ഇതിൽ എത്ര കന്നുകാലികളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; നിയോജകമണ്ഡലാടിസ്ഥാനത്തിൽ എണ്ണം ലഭ്യമാക്കാമോ; | (ബി) 64 കന്നുകാലികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) മൃഗസംരക്ഷണ വകുപ്പ് നഷ്ട പരിഹാരം നൽകുന്നത് എത്ര തുകയാണ്; ക്ഷീര വികസന വകുപ്പ്, മിൽമ എന്നീ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട പശുക്കൾക്ക് മൃഗസംരക്ഷണ വകുപ്പ് 20,000/- രൂപ വീതവും, കിടാരികൾക്ക് 12,000/- രൂപ വീതവും, കന്നുകുട്ടികൾക്ക് 7,000/- രൂപ വീതവും നഷ്ടപരിഹാരം നൽകി വരുന്നു. നാളിതുവരെ **2,23,63,000/-** രൂപ വിവിധ ജില്ലകളിലായി നൽകിയിട്ടുണ്ട്. ക്ഷീരവികസനവകുപ്പ് പശു ഒന്നിന് 10,000/- രൂപ നൽകി വരുന്നു. കൂടാതെ മിൽമയുടെ മലബാർ മേഖലാ യൂണിയൻ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകരുടെ കുളമ്പുരോഗം മൂലം ചത്തുപോയ പശുക്കൾക്ക് പശുവൊന്നിന് |

5,000/- രൂപ വീതം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മലബാർ യൂണിയൻ , ചികിത്സാ ചെലവിനത്തിൽ ഒരു കർഷകന് പരമാവധി 2,000/- രൂപ വരെ വെറ്ററിനറി മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് പദ്ധതിയിലൂടെ നൽകി വരുന്നു.

| | |
|---|---|
| (ഡി) നഷ്ടപരിഹാരത്തിനായി കന്നുകാലി ഉടമകൾ ആർക്കാണ് അപേക്ഷ നൽകേണ്ടത്; ആരാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്; ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ഡി) പഞ്ചായത്തിലെ വെറ്ററിനറി സർജനാണ് അപേക്ഷ നൽകേണ്ടത്. മൃഗാശുപത്രിയിലെ വെറ്ററിനറി സർജന്റെ/സീനിയർ വെറ്ററിനറി സർജന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കോർഡിനേറ്ററും മൃഗസംരക്ഷണ ഓഫീസറുമാണ് നഷ്ടപരിഹാരം അനുവദിക്കു ന്ന ത്.<br><br>നഷ്ടപരിഹാരം അനുവദിക്കുന്ന തിനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1) ഉരു മരണപ്പെട്ട ദിവസം തന്നെ പഞ്ചായത്തിലെ വെറ്ററിനറി സർജൻ ആ വിവരം ജില്ലാ എ.ഡി.സി.പി ആഫീസിൽ അറിയിക്കണം.<br><br>2) മരണമടഞ്ഞ ഉരുവിന്റെ ഫോട്ടോയും,പഞ്ചായത്തിലെ വെറ്ററിനറി സർജന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ടും ആവശ്യമാണ്. ഡിസംബർ 4 ന് ശേഷം മരണം റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ ഉടമസ്ഥൻ, മരണമടഞ്ഞ പശുവിന്റെ അടുത്ത് നിൽക്കുന്ന ഫോട്ടോയും സ്ഥലത്തെ വെറ്ററിനറി സർജന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ടും ആവശ്യമാണ്. |
| (ഇ) പാലക്കാട് ജില്ലയിൽ നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; മണ്ഡലാടിസ്ഥാനത്തിൽ എണ്ണം വ്യക്തമാക്കാമോ? | (ഇ) പാലക്കാട് ജില്ലയിൽ നഷ്ടപരിഹാരത്തിനായി 2766 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അനുബന്ധം 3 ആയി രേഖപ്പെടുത്തിയിരിക്കു ന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ക്രമനമ്പർ | നിയോജകമണ്ഡലത്തിന്റെ പേര് | മരണപ്പെട്ട ഉരുക്കളുടെഎണ്ണം |
|---|---|---|
| 1 | ഒറ്റപ്പാലം | 51 |
| 2 | ചിറ്റൂർ | 174 |
| 3 | മണ്ണാർക്കാട് | 58 |
| 4 | നെൻമാറ | 160 |
| 5 | ആലത്തൂർ | 90 |
| 6 | കുഴൽമന്നം | 183 |
| 7 | മലമ്പുഴ | 100 |
| 8 | തൃത്തല | 7 |
| 9 | ശ്രീകൃഷ്ണപുരം | 46 |
| 10 | പട്ടാമ്പി | 7 |
| 11 | പാലാക്കാട് | 123 |
| | ആകെ | 999 |

സെക്ഷൻ ഓഫീസർ

അനുബന്ധം2

| ക്രമനമ്പർ | നിയോജകമണ്ഡലത്തിന്റെ പേര് | നഷ്ടപരിഹാരം നൽകിയവ |
|---|---|---|
| 1 | ഒറ്റപ്പാലം | 11 |
| 2 | ചിറ്റൂർ | 3 |
| 3 | മണ്ണാർക്കാട് | 1 |
| 4 | നെൻമാറ | 10 |
| 5 | ആലത്തൂർ | 12 |
| 6 | കുഴൽമന്നം | 5 |
| 7 | മലമ്പുഴ | 7 |
| 8 | തൃത്തല | |
| 9 | ശ്രീകൃഷ്ണപുരം | 5 |
| 10 | പട്ടാമ്പി | |
| 11 | പാലാക്കാട് | 10 |
| | | 64 |

സെക്ഷൻ ഓഫീസർ

അനുബന്ധം 3

| ക്രമനമ്പർ | നിയോജകമണ്ഡലത്തിന്റെ പേര് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | ഒറ്റപ്പാലം | 413 |
| 2 | ചിറ്റൂർ | 211 |
| 3 | മണ്ണാർക്കാട് | 98 |
| 4 | നെൻമാറ | 549 |
| 5 | ആലത്തൂർ | 533 |
| 6 | കുഴൽമന്നം | 253 |
| 7 | മലമ്പുഴ | 220 |
| 8 | തൃത്തല | 89 |
| 9 | ശ്രീകൃഷ്ണപുരം | 60 |
| 10 | പട്ടാമ്പി | 44 |
| 11 | പാലക്കാട് | 296 |
| | | 2766 |

സെക്ഷൻ ഓഫീസർ